**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **09-10-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് അനുവദിക്കുന്ന നഷ്ടപരിഹാര പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വന്യജീവികൾ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. അതിന്റെ ഭാഗമായുള്ള 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം, 25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 50/2022/വനം, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 03/2024/വനം എന്നിവ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നു. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകി വരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനായും അനുവദിച്ചു വരുന്നു.<br>സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം തീയതി 08.01.2015 പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു.<br>സംസ്ഥാന പദ്ധതികളായ Measures to Reduce Man-Animal Conflict (MRMAC) (Plan), Relief to Victims (Non-Plan) എന്നീ ബഡ്ജറ്റ് ശീർഷക-ങ്ങളിലാണ് പ്രധാനമായും ഇത്തരം നഷ്ടപരിഹാരങ്ങൾ നൽകുന്നത്. കേന്ദ്രാവിഷ്കൃത |

| | | | |
|---|---|---|---|
| | | | പദ്ധതികളായ Project Elephant (60% CSS), IDWH – Outside PA (60% CSS) എന്നിവയിൽ ഉപഘടകമായും നഷ്ടപരിഹാരത്തിനായി ചെറിയൊ-രംശം നീക്കിവച്ചിട്ടുണ്ട്. |
| (ബി) | നാട്ടിൻപുറങ്ങളിൽ വച്ച് പാമ്പുകളുടെ കടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവും നഷ്ടപരിഹാരവും ലഭിക്കുന്നതിന് ഈ പദ്ധതികൾ പ്രകാരം അർഹതയുണ്ടോ; | (ബി) | വനമേഖലയ്ക്ക് പുറത്ത് പാമ്പുകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളാൽ പരിക്കേറ്റ് ചികിത്സ തേടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപവരെ (പട്ടിക വർഗ്ഗവിഭാഗത്തിന് ചികിത്സയ്ക്ക് ചിലവാകുന്ന തുകയും) ചികിത്സാ ചെലവ് ലഭിക്കുവാൻ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം, 25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 50/2022/വനം, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 03/2024/വനം എന്നിവ പ്രകാരം അർഹതയുണ്ട്. |
| (സി) | പാമ്പു കടിയുൾപ്പടെയുള്ള വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്നവർ നഷ്ടപരിഹാരത്തിനായും ചികിത്സാചെലവ് ലഭിക്കുന്നതിനായും ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഇതിനായി സമർപ്പിക്കേണ്ട അപേക്ഷകളുടെയും ഹാജരാക്കേണ്ട രേഖകളുടെയും വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | പാമ്പു കടിയുൾപ്പടെയുള്ള വന്യജീവി ആക്രമണങ്ങ-ളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്നവർ നഷ്ടപരിഹാരത്തിനായും ചികിത്സാചെ-ലവ് ലഭിക്കുന്നതിനായും വന്യജീവി ആക്രമണം നേരിട്ട സ്ഥലത്തിന്റെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയുടെ മാതൃക വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ആയതിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ ഇ-ഡിസ്ട്രിറ്റ് പോർട്ടൽ മുഖേന നേരിട്ടോ, അടുത്തുള്ള അക്ഷയ കേന്ദ്രം വഴിയോ അപേക്ഷ ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ